REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 19-07-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **സംസ്ഥാനത്ത് അഞ്ച് വടക്കൻ ജില്ലകളിൽ അതിതീവ്രമഴസാധ്യത മുൻനിർത്തി ഇന്ന് ചുവപ്പ് ജാഗ്രത. കാസർകോട്, കണ്ണൂർ, വയനാട് ജില്ലകളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി.**
- **പാലക്കാട് IITയുടെ ഏഴാമതു ബിരുദദാന ചടങ്ങ് ഇന്ന്. കേന്ദ്രമന്ത്രി ധർമേന്ദ്ര പ്രധാൻ മുഖ്യാതിഥിയായി പങ്കെടുക്കും.**
- **ഭാവി തലമുറയെ മുന്നിൽ കണ്ടാണ് കേന്ദ്ര പദ്ധതികൾ രൂപകൽപ്പന ചെയ്തിരിക്കുന്നതെന്ന് കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ.**
- **പാർലമെന്റ് വർഷകാല സമ്മേളനത്തിന് മറ്റന്നാൾ തുടക്കം. നാളെ സർവ കക്ഷിയോഗം.**
- **ആദ്യ ഇന്ത്യൻ ഓപ്പൺ അത്‌ലറ്റിക്സ് മീറ്റ് ഇന്ന് പറ്റ്നയിൽ.**

## വാർത്തകൾ വിശദമായി

സംസ്ഥാനത്ത് വരും ദിവസങ്ങളിലും മഴ ശക്തമാകുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. വടക്കൻ ജില്ലകളിൽ അതിതീവ്ര മഴസാധ്യത മുൻനിർത്തി മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ചുവപ്പ് ജാഗ്രതയാണ്. എറണാകുളം, ഇടുക്കി, തൃശൂർ, പാലക്കാട് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും മറ്റു ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകി. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മറ്റന്നാൾ വരെ മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

ശക്തമായ മഴ കണക്കിലെടുത്ത് കാസർകോട്, കണ്ണൂർ, വയനാട് ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക്  കലക്ടർമാർ അവധി  നൽകി. കോഴിക്കോട് ജില്ലയിൽ വടകര താലൂക്കിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഇന്ന് അവധിയായിരിക്കും.  നേരത്തേ നിശ്ചയിച്ച പരീക്ഷകളിൽ മാറ്റമില്ല.

✪✪✪

പാലക്കാട് IITയുടെ ഏഴാമതു ബിരുദദാന ചടങ്ങ് രാവിലെ അഗോര ഓഡിറ്റോറിയത്തിൽ നടത്തും. കേന്ദ്രമന്ത്രി ധർമേന്ദ്ര പ്രധാൻ ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുക്കും. IIT ബോർഡ് ഓഫ് ഗവർണേഴ്സ് ചെയർമാൻ പ്രഫ.രമേഷ് വെങ്കിടേശ്വരന്റെ അധ്യക്ഷതയിലാണ് ബിരുദദാനം. B-ടെക്, M-ടെക്, MSC, Phd വിഭാഗങ്ങളിൽ 328 പേർ ബിരുദ സർട്ടിഫിക്കറ്റുകൾ ഏറ്റുവാങ്ങും. അക്കാദമിക മികവു പുലർത്തിയ വിദ്യാർഥികൾക്ക് പുരസ്കാരങ്ങളും വിതരണം ചെയ്യുമെന്ന് IIT ഡയറക്ടർ പ്രഫ.A.ശേഷാദ്രി ശേഖർ അറിയിച്ചു.

✪✪✪

കേന്ദ്ര ഗവൺമെന്റ്  പദ്ധതികളിൽ ഭൂരിഭാഗവും ഭാവി തലമുറയെ മനസ്സിൽ കണ്ടാണ് രൂപകൽപ്പന ചെയ്തിരിക്കുന്നതെന്ന്  കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ പറഞ്ഞു. രാജ്യത്തിന്റെ പുരോഗതി ഉറപ്പാക്കാൻ രാഷ്ട്രീയ വ്യത്യാസങ്ങൾക്കപ്പുറം ഏകീകൃത ശ്രമത്തിന് എല്ലാവരും തയ്യാറാകണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം  പദ്ധതിയ്ക്ക് കീഴിൽ മലപ്പുറം നിലമ്പൂർ അമൽ കോളജ് ക്യാംപസിൽ നിർമിച്ച നൈപുണ്യ വികസന കേന്ദ്രവും, പെൺകുട്ടികളുടെ ഹോസ്റ്റൽ കെട്ടിടവും ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സമൂഹത്തെ ഒരുമിച്ച് കൊണ്ടുവരാനും രാജ്യത്തെ മുന്നോട്ട് നയിക്കാനും യുവാക്കൾ നേതൃത്വം ഏറ്റെടുക്കണമെന്ന് ജോർജ്ജ് കുരമ്യൻ ആഹ്വാനം ചെയ്തു.

✪✪✪

വ്യത്യസ്ത മേഖലകളിൽ അസാധാരണ കഴിവ് പ്രകടിപ്പിക്കുന്ന കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നതിന് സംസ്ഥാനതലത്തിൽ ഏർപ്പെടുത്തിയ ഉജ്ജ്വല ബാല്യം പുരസ്കാരങ്ങൾ തിരുവനന്തപുരത്ത് ഇന്ന് വിതരണം ചെയ്യും. മന്ത്രി വീണാ ജോർജ് രാവിലെ അവാർഡുകൾ സമ്മാനിക്കും. ചൈൽഡ് ഹെൽപ് ലൈൻ റീബ്രാന്റിംഗിന്റെ സംസ്ഥാനതല ഉദ്ഘാടനവും  ഇതോടൊപ്പം നടത്തും.

✪✪✪

തദ്ദേശ വകുപ്പിൽ 433 എൻട്രി കേഡർ ഒഴിവുകൾ കൂടി ഉടൻ PSCയ്ക്ക് റിപ്പോർട്ട് ചെയ്യുമെന്ന് മന്ത്രി MB രാജേഷ് ഫേസ്ബുക്ക് പോസ്റ്റിൽ അറിയിച്ചു. ഒരാഴ്ചയ്ക്കകം ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ ഉദ്യോഗസ്ഥർക്ക് നിർദേശം നൽകിയിട്ടുണ്ടെന്ന് മന്ത്രി കുറിച്ചു. പൊതു സ്ഥലമാറ്റത്തിന് ശേഷം സ്ഥാനക്കയറ്റത്തിലൂടെ സൃഷ്ടിച്ച ഒഴിവുകളാണ് ഇപ്പോൾ റിപ്പോർട്ട് ചെയ്യുന്നത്. ഇന്നലെ 42 ഓഫീസ് അറ്റന്റന്റ് ഒഴിവുകൾ ഇന്നലെ PSCയ്ക്ക് റിപ്പോർട്ട് ചെയ്തിരുന്നു.

✪✪✪

പോക്സോ കേസ് അന്വേഷണ വേഗത്തിലാക്കാൻ ഓരോ പൊലീസ് ജില്ലയിലും 16 അംഗ സംഘങ്ങൾ രൂപീകരിച്ചു. 20 പൊലീസ് ജില്ലകളിലും DYSP മാരുടെ കീഴിലാണ് പ്രത്യേക സംഘങ്ങൾ പ്രവർത്തിക്കുക. നാർക്കോട്ടിക് സെൽ DYSP-മാർക്കാണ് ഇതിന്റെ അധിക ചുമതല. ഇതോടെ നാർക്കോട്ടിക് സെല്ലുകളുടെ പേര് നാർക്കോട്ടിക് സെൽ ആന്റ് ജെൻഡർ ജസ്റ്റിസ് എന്നാക്കി മാറ്റിയിട്ടുണ്ട്.

✪✪✪

സംസ്ഥാനത്തെ നിപ സമ്പർക്കപ്പട്ടികയിൽ നിന്ന് ഐസൊലേഷൻ കാലാവധി പൂർത്തിയാക്കിയ 33 പേരെ കൂടി ഒഴിവാക്കിയതായി മന്ത്രി വീണാജോർജ്ജ് അറിയിച്ചു. നിലവിൽ 648 പേരാണ് സമ്പർക്കപ്പട്ടികയിൽ ശേഷിക്കുന്നത്. പാലക്കാട്ട് 421 പേരും കോഴിക്കോട്ട് 125ഉം, മലപ്പുറത്ത് 110 പേരുമാണ് സമ്പർക്കപ്പട്ടികയിൽ. തൃശൂർ, എറണാകുളം ജില്ലകളിലെ ഓരോരുത്തരും സമ്പർക്കപ്പട്ടികയിലുണ്ട്.

✪✪✪

മന്ത്രി KN ബാലഗോപാലിനെതിരെ ഫേസ്ബുക്ക് പേജിലൂടെ അപകീർത്തികരമായ പ്രചാരണം നടത്തിയെന്ന് ആരോപിച്ച് ധനമന്ത്രിയുടെ ഓഫീസ് സംസ്ഥാന പൊലീസ് മേധാവിക്ക് പരാതി നൽകി. ഹൃദ്രോഗത്തെ തുടർന്ന് ആൻജിയോപ്ലാസ്റ്റിക്ക് തിരുവനന്തപുരത്തെ മെഡിക്കൽ കോളജിൽ ചികിത്സയ്ക്കെത്തിയതുമായി ബന്ധപ്പെട്ട് വൻ തുക അനധികൃതമായി ചെലവഴിച്ചെന്ന ആരോപണത്തിലാണ് നടപടി.

✪✪✪

പാർലമെന്റ് വർഷകാല സമ്മേളനം മറ്റന്നാൾ ആരംഭിക്കും. അടുത്ത മാസം 21 വരെയാണ് സമ്മേളനം. ഇതിന് മുന്നോടിയായി കേന്ദ്രഗവൺമെന്റ് നാളെ സർവകക്ഷി യോഗം വിളിച്ചിട്ടുണ്ട്. പാർലമെന്റിന്റെ ഇരുസഭകളുടെയും

സുഗമമായ പ്രവർത്തനം ഉറപ്പാക്കുന്നതിന് എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും സഹകരണം യോഗത്തിൽ ഗവൺമെന്റ് തേടും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' ഈ മാസം 27ന് രാവിലെ 11 മണിക്ക് പ്രക്ഷേപണം ചെയ്യും. പരിപാടിയുടെ 124 -ാം പതിപ്പാണിത്. പൊതുജനങ്ങൾക്ക് നരേന്ദ്ര മോദി ആപ്പിലൂടെയും MyGov ഓപ്പൺ ഫോറത്തിലൂടെയും ടോൾ ഫ്രീ നമ്പറിലും ഈ മാസം 25 വരെ അഭിപ്രായങ്ങളും ആശയങ്ങളും അറിയിക്കാവുന്നതാണ്.

✪✪✪

കൊല്ലം തേവലക്കര സ്കൂളിൽ ഷോക്കേറ്റ് മരിച്ച എട്ടാം ക്ലാസുകാരൻ മിഥുന്റെ സംസ്കാരം വൈകിട്ട് വീട്ടുവളപ്പിൽ നടത്തും. രാവിലെ 10 മുതൽ മൃതദേഹം മിഥുൻ പഠിച്ച തേവലക്കര ബോയ്സ് ഹൈസ്കൂളിൽ പൊതു ദർശനത്തിന് വെക്കും. അമ്മ സുജ ഉച്ചയോടെ വീട്ടിലെത്തുമെന്നാണ് വിവരം.

✪✪✪

വിദ്യാർത്ഥി ഷോക്കേറ്റ് മരിച്ച സംഭവത്തിൽ പ്രധാനാദ്ധ്യാപികയെ മാനേജ്മെന്റ് സസ്പെന്റ് ചെയ്തു. കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിൽ പ്രധാനാദ്ധ്യാപിക S സുജയയുടെ ഭാഗത്തുനിന്ന് വീഴ്ചയുണ്ടായതായി ബോധ്യപ്പെട്ടെന്ന കൊല്ലം AEO-യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നടപടി.

✪✪✪

കേന്ദ്രാവിഷ്കൃത ജൻ സുരക്ഷാ പദ്ധതികളെക്കുറിച്ച് ബോധവൽക്കരണത്തിനും അംഗത്വ വിതരണത്തിനും കണ്ണൂർ ജില്ലയിൽ ക്യാമ്പയിൻ പുരോഗമിക്കുന്നു.

വിശദാംശങ്ങളുമായി ആകാശവാണി പ്രതിനിധി KO ശശിധരൻ

........വോയ്സ്..........

ഭാഗമായാണ് ജൻസുരക്ഷ ക്യാമ്പയ്ൻ നടന്നുവരുന്നത്. പ്രധാൻമന്ത്രി ജൻധൻ യോജന, പ്രധാൻമന്ത്രി ജീവൻ ജ്യോതി ബീമ യോജന, പ്രധാൻമന്ത്രി സുരക്ഷാ യോജന, അടൽ പെൻഷൻ യോജന തുടങ്ങിയ പദ്ധതികളെക്കുറിച്ച് ഓരോ ക്യാമ്പിലും വിദഗ്ധർ വിശദീകരിക്കുന്നു.

സാമ്പത്തിക സാക്ഷരതാ സെഷനുകൾ, അക്കൗണ്ട് സാമ്പത്തിക സാക്ഷരതാ സെഷനുകൾ, അക്കൗണ്ട് തുറക്കൽ, ഇൻഷുറൻസ്, പെൻഷൻ എന്നിവയിൽ ചേരൽ, ഡിജിറ്റൽ സുരക്ഷയെക്കുറിച്ചും ക്ലെയിം ചെയ്യാത്ത നിക്ഷേപങ്ങളിലേക്കുള്ള പ്രവേശനത്തെക്കുറിച്ചുമുള്ള അവബോധ ക്ലാസുകൾ എന്നിവ ഇതിന്റ ഭാഗമായി നടന്നു വരുന്നു. സാമ്പത്തിക സാക്ഷരതാ സെഷനുകൾ, അക്കൗണ്ട് തുറക്കൽ, ഇൻഷുറൻസ്, പെൻഷൻ എന്നിവയിൽ അംഗങ്ങളാവാനും സാധിക്കും, സെപ്റ്റംബർ 30 വരെയാണ് പ്രചരണം..ജില്ലയിലെ 11 കേന്ദ്രങ്ങളിൽ ക്യാമ്പ് സംഘടിപ്പിച്ചു. ഇന്ന് അഞ്ചരക്കണ്ടി ഗ്രാമ പഞ്ചായത്തിലാണ് ക്യാമ്പ്.

✪✪✪

ആദ്യ ഇന്ത്യൻ ഓപ്പൺ അത്‌ലറ്റിക്സ് മീറ്റ് ഇന്ന് പറ്റ്നയിലെ പാടലിപുത്ര സ്പോർട്സ് കോംപ്ലക്സിൽ. ഒരു ദിവസത്തെ പരിപാടിയിൽ ഒളിമ്പിക്സിലും അന്തർദേശീയ മത്സരങ്ങളിലും പങ്കെടുത്ത 400ൽ പരം പ്രശസ്ത താരങ്ങൾ സംബന്ധിക്കും. ഏഷ്യൻഗെയിംസിലും, കോമൺവെൽത്ത് ഗെയിംസിലും പങ്കെടുക്കുന്ന താരങ്ങളുടെ തെരഞ്ഞെടുപ്പ് മീറ്റിലെ പ്രകടനത്തിന്റെ അടിസ്ഥാനത്തിലായിരിക്കും.

✪✪✪

ഫിഡെ വനിതാ ലോകകപ്പ് ചെസ്സിൽ ഇന്ത്യൻ ഗ്രാന്റ്മാസ്റ്റർമാരായ കൊനേരു ഹംപി, D ഹരിക, ദിവ്യ ദേശ്മുഖ് എന്നിവർ ക്വാർട്ടർ ഫൈനലിലേക്ക് കടന്നു. ക്വാർട്ടർ റൗണ്ടിൽ നാല് താരങ്ങൾ പ്രവേശിക്കുന്ന ആദ്യ രാജ്യമെന്ന ബഹുമതി ഇതോടെ ഇന്ത്യ സ്വന്തമാക്കി.

✪✪✪

ഇന്ത്യയിലെ ആദ്യ കോളേജ് സ്പോർട്സ് ഫുട്ബോൾ ലീഗ് -CSL കേരള 2025ന് കലിക്കറ്റ് സർവകലാശാല സ്റ്റേഡിയത്തിൽ തുടക്കമായി. മന്ത്രി V അബ്ദുറഹ്മാൻ ഓൺലൈനായി ലീഗ് ഉദ്ഘാടനം ചെയ്തു. കനത്ത മഴയെ തുടർന്ന് ഇന്നലെ നടത്തേണ്ടിയിരുന്ന മത്സരങ്ങൾ തിങ്കളാഴ്ച്ചത്തേക്ക് മാറ്റി. ക്യാമ്പസുകളെ ലഹരി വിമുക്തമാക്കുന്ന 'കിക്ക് ഡ്രഗ്സ്' ക്യാമ്പയിനിന്റെ ഭാഗമായാണ് പ്രൊഫഷണൽ ലീഗ് മാതൃകയിൽ കോളേജുതല കായിക മത്സരങ്ങൾ നടത്തുന്നത്.

✪✪✪

പ്രഥമ സംസ്ഥാന ആയുഷ് കായകൽപ് അവാർഡ് പ്രഖ്യാപനത്തിൽ അംഗീകാര നിറവിൽ തൃശ്ശൂർ ജില്ല. ഹോമിയോ ജില്ലാ ആശുപത്രികളിൽ തൃശ്ശൂർ ഒന്നാം സ്ഥാനം നേടി.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി ഭരിതാ പ്രതാപ്

........വോയ്സ്........

സർക്കാർ ആയുഷ് ആരോഗ്യ സ്ഥാപനങ്ങളിലെ ശുചിത്വം, മാലിന്യ പരിപാലനം, അണുബാധ നിയന്ത്രണം എന്നിവയിൽ സംസ്ഥാനത്ത് മികച്ച പ്രവർത്തനം കാഴ്ചവച്ചതിനാണ് തൃശൂർ ജില്ലാ ഹോമിയോപ്പതി ആശുപത്രി പുരസ്കാരം നേടിയത്. പത്ത് ലക്ഷം രൂപയാണ് അവാർഡ് തുകയായി ആശുപത്രിയുടെ തുടർപ്രവർത്തനങ്ങൾക്കായി ലഭിക്കുക.

ഐ.എസ്.എം സബ് ജില്ലാ ആശുപത്രി വിഭാഗത്തിൽ ചേലക്കര ഗവ. ആയുർവേദ ആശുപത്രി ഒരു ലക്ഷം രൂപയുടെ കമൻഡേഷൻ അവാർഡ് കരസ്ഥമാക്കി. 95.09 ശതമാനം മാർക്ക് നേടിയാണ് ചേലക്കര ആശുപത്രി പുരസ്കാരം നേടിയത്.

ഐ.എസ്.എം, ഹോമിയോപ്പതി വകുപ്പുകളിൽ ആയുഷ് ആരോഗ്യ സ്വാസ്ഥ്യ കേന്ദ്രങ്ങൾക്ക് ജില്ലാ അടിസ്ഥാനത്തിൽ 98.33 ശതമാനം മാർക്ക് നേടി കൈപ്പമംഗലം ആയുർവേദ ഡിസ്പെൻസറിയും, 99.58 ശതമാനം മാർക്കോടെ അയ്യന്തോൾ ആയുർവേദ ഡിസ്പെൻസറിയും ഒന്നാം സ്ഥാനം കരസ്ഥമാക്കി. ഒരു ലക്ഷം രൂപ വീതമാണ് അവാർഡ് തുകയായി ലഭിക്കുക. കൂടാതെ ചൊവ്വന്നൂർ, വെള്ളാങ്ങല്ലൂർ, കാടുകുറ്റി, കോലഴി, പുത്തൂർ, കൈപ്പറമ്പ് എന്നിവിടങ്ങളിലെ ഡിസ്പെൻസറുകളും ഇതേ വിഭാഗത്തിൽ 30,000 രൂപയുടെ കമൻഡേഷൻ അവാർഡുകൾ നേടി.

സംസ്ഥാനത്തെ എല്ലാ ആയുർവേദ, ഹോമിയോപ്പതി ജില്ലാ ആശുപത്രികൾ, സബ് ജില്ലാ, താലൂക്ക് ആയുഷ് ആശുപത്രികൾ, ആയുഷ് ആരോഗ്യ സ്വാസ്ഥ്യ കേന്ദ്രങ്ങൾ (എ.എച്ച്.ഡബ്ല്യൂ.സി) എന്നിവയിൽ നിന്ന് പല ഘട്ടങ്ങളിലായി തെരഞ്ഞെടുക്കപ്പെട്ട മികച്ച ആരോഗ്യ സ്ഥാപനങ്ങൾക്കാണ് ആയുഷ് കായകൽപ് അവാർഡ് നൽകുന്നത്.

സംസ്ഥാനത്തെ സർക്കാർ ആയുഷ് സ്ഥാപനങ്ങളുടെ ഗുണമേന്മ ഉറപ്പാക്കുകയാണ് ലക്ഷ്യം.

✪✪✪

കല്ലായി പുഴയിൽ അടിഞ്ഞുകൂടിയ ചെളി അടുത്ത മാർച്ചോടെ പൂർണമായി നീക്കം ചെയ്യുമെന്ന്  മന്ത്രി റോഷി അഗസ്റ്റിൻ അറിയിച്ചു. കോഴിക്കോട്ട് കല്ലായി പുഴ നവീകരണ അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

ടൂറിസം സാധ്യതയടക്കം വിഷയങ്ങൾ ഉൾപ്പെടുത്തി പദ്ധതിയുടെ തുടർപ്രവർത്തനത്തിന് ജലസേചന വകുപ്പ് വിശദമായ പദ്ധതി റിപ്പോർട്ട് കോഴിക്കോട് കോർപ്പറേഷന് നൽകണമെന്ന് മന്ത്രി ആവശ്യപ്പെട്ടു.

13 കോടിയോളം രൂപയാണ് കോർപ്പറേഷൻ കല്ലായി പുഴ നവീകരണ പദ്ധതിക്ക് ചെലവഴിക്കുന്നത്.

✪✪✪

ആയുർവേദത്തിലൂടെ ആരോഗ്യം എന്ന സന്ദേശവുമായി കാസർകോട് ജില്ലയിൽ കർക്കിടക കഞ്ഞി ഫെസ്റ്റിന് തുടക്കമായി. കർക്കിടക കഞ്ഞിയുടെ പ്രചാരണത്തിന് കുടുംബശ്രീയിലൂടെ പ്രചാരണം നൽകണമെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ബേബി ബാലകൃഷ്ണൻ പറഞ്ഞു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കാസർകോട് ജില്ലാ പ്രതിനിധി P ജഗന്നിവാസൻ.

........വോയിസ്.........

✪✪✪

ആർച്ച് ബിഷപ്പ് പദവിയിലെത്തിയ ഡോ: വർഗ്ഗീസ് ചക്കാലക്കലിനെ കോഴിക്കോട്ടെ സൗഹൃദകൂട്ടായ്മയായ മലബാർ ഇനിഷ്യേറ്റീവ് ഫോർ സോഷ്യൽ ഹാർമണി നാളെ അനുമോദിക്കും.

അനുമോദന സമ്മേളനത്തിൽ പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങളും, അമൃതാനന്ദമയീമഠത്തിലെ സ്വാമി വിവേകാമൃത ആനന്ദപുരിയും പങ്കെടുക്കും.

മേയർ ഡോ ബീനാഫിലിപ്പ് സ്നേഹപത്രം സമർപ്പിക്കും. MK രാഘവൻ MP യാണ് മുഖ്യപ്രഭാഷണം നടത്തുന്നത്.

✪✪✪

*News Editor: പി ചന്ദ്രബാബു*
*News Reader: അനിൽ ചന്ദ്രൻ*
*NRTs: രജിന കെ*
*DEO: സി കെ സുബോധ്*